സാക്ഷികളെൻ ചുറ്റും നിന്നു ശക്തി പകരുന്നു
ഞാനുമൊരു സാക്ഷിയായ് ചേർന്നു നിൽക്കുന്നു -
നിത്യമായ സാക്ഷ്യമാർഗ്ഗം തുറന്നനാഥാ! ഞാൻ –2
അന്ത്യത്തോളം നിന്റെ സാക്ഷി മാറ്റമില്ലതിൽ –2
സാക്ഷികളെൻ..

സാക്ഷ്യമൊഴിയേറ്റു കൊൾവാൻ ഒരുവനുമില്ല
പ്രതിഫലമായ് നിന്ദകളും പഴികളും മാത്രം
സ്വന്തക്കാരും നാട്ടുകാരും പരിഹസിക്കുമ്പോൾ –2
ശക്തിയേകി നാഥനെന്നെ പരിപാലിച്ചല്ലോ –2
സാക്ഷികളെൻ..

മോശതാനും ഭീരുവായ് ഹോരേബിലെത്തി
പൊന്നുനാഥൻ ധൈര്യമേകി അഭിഷേകം ചെയ്തു
സത്യദൈവം അടിമനാട്ടിൽ വീര്യം ചെയ്യിച്ചു –2
സത്യസാക്ഷിയാക്കി നിർത്തി രാജസന്നിധേ –2
സാക്ഷികളെൻ..

യാഗവസ്തു ചാമ്പലായ് തീർന്നതുകണ്ട്
ദൈവമക്കൾ ശക്തരായി ഉണർവ്വു പ്രാപിച്ചു
ബാലിൻ സേനയൊക്കെയും തകർന്നു വീണുപോയ് –2
സ്വർഗ്ഗവാതിൽ തുറന്നു മഴ ചൊരിഞ്ഞു ഭൂമിയിൽ –2
സാക്ഷികളെൻ..

ഹാബേലിന്റെ സാക്ഷ്യമെന്നെ പുളകം കൊള്ളിച്ചു
നിന്ദയേൽക്കാൻ ശക്തിപകരും നോഹയിൻ സാക്ഷ്യം
തളരാതെന്നും താങ്ങും അത്യന്തശക്തി –2
മകനേ നീയും ഓർത്തു വേല ചെയ്തു തീർക്കുക –2
സാക്ഷികളെൻ....2